ഉത്തരം

(എ) ഉണ്ട്.

(ബി) ബില്ല് നൽകാതെ വിൽപ്പനകൾ നടക്കുന്നു എന്ന് വ്യക്തമായ വിവരം ലഭ്യമാകുന്ന കേസ്സുകളിൽ വകുപ്പ് സത്വര നടപടികൾ എടുക്കാറുണ്ട്. ഇതിനായി test purchase നടത്തുകയും ബില്ലില്ലാത്ത കേസ്സുകളിൽ spot compounding നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) ബില്ലുകൾ ഇല്ലാതെ വിൽപന നടക്കുന്നില്ലെന്ന് ഉറപ്പിക്കാൻ വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പെട്രോൾ-ഡീസൽ വിലയോടൊപ്പമുള്ള അധിക സെസ്

125 (131) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം തുക സംസ്ഥാനത്ത് ഈടാക്കി വരുന്നുണ്ട് ; വിശദമാക്കാമോ ;

(ബി) റോഡ്/ഹൗസിംഗ്/സൗജന്യ മണ്ണെണ്ണവിതരണം തുടങ്ങി ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ്അധിക സെസ്, പെട്രോൾ-ഡീസൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ ഈ സർക്കാർ തീരുമാനിച്ചത് ; ഏത് തീയതി മുതലാണ് ഈ സെസുകൾ ഏർപ്പെടുത്തി ഈടാക്കി തുടങ്ങിയത് ;

(സി) സംസ്ഥാന സർക്കാർ പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനത്തിൽ 2011-12 മുതൽ ഇന്നുവരെ ഓരോ വർഷവും അധികമായി ലഭിച്ച റവന്യൂ വരുമാനം എത്ര കോടിയാണ് ;

(ഡി) ഇപ്രകാരം പിരിച്ചെടുത്ത തുക പ്രഖ്യാപിത പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പെട്രോൾ-ഡീസൽ എന്നിവയുടെമേൽ 31.80%, 24.52% യഥാക്രമം വിൽപ്പന നികുതി ചുമത്തിവരുന്നു. കൂടാതെ വിൽപ്പന നികുതിയിൻമേൽ 1% സോഷ്യൽ സെക്യൂരിറ്റി സെസ്സും, 1-4-2015 മുതൽ ലിറ്ററിന് 1 രൂപ നിരക്കിൽ അധിക വിൽപ്പന നികുതിയും ചുമത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആവശ്യങ്ങൾക്കായി പെട്രോളിയം ഉൽപ്പന്നങ്ങളിൻമേൽ യാതൊരു സെസ്സും ചുമത്തുന്നില്ല. ഹൗസിംഗ്, റോഡ് തുടങ്ങിയവയ്ക്കായി ലിറ്ററിൻമേൽ ഒരു രൂപ അധിക നികുതിയാണ് ചുമത്തുന്നത്. ഇത് 01/04/2015 മുതൽ നിലവിൽ വന്നു.

(സി) പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനങ്ങൾ ഉൾപ്പെടെ, 2011-12 മുതൽ 31-10-2015 വരെ ഓരോ വർഷവും പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നും ലഭിച്ച റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു :

വർഷം	വിവിധ ഇനങ്ങളിൽ ലഭിച്ച ആകെ നികുതി
2011-12	4109.24
2012-13	4527.67
2013-14	5158.64
2014-15	5593.07
2015-16 (31-10-2015 വരെ)	3170.64

അധിക നികുതി 1-4-2015 മുതലാണ് നടപ്പിലാക്കിയത്. ഒക്ടോബർ വരെ 254.44 കോടി രൂപ ഇപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സ്വന്തമായി പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായും, ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട റോഡു വികസന പ്രവർത്തനങ്ങൾക്കായി 1-4-2015 മുതലാണ് പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലിറ്ററിന് ഒരു രൂപ എന്ന നിരക്കിൽ അധിക വിൽപ്പന നികുതി പിരിച്ചെടുക്കാൻ തുടങ്ങിയത്. ഇപ്രകാരം പിരിച്ചെടുത്ത തുക മേൽപ്രഖ്യാപിച്ച പദ്ധതികൾക്കായി വിനിയോഗിക്കാൻ തുടങ്ങിയിട്ടില്ല. ഹൗസിംഗും, പൊതുമരാമത്ത് വകുപ്പും ആവശ്യപ്പെടുന്നമുറയ്ക്ക് ധനകാര്യ വകുപ്പ് തുക അനുവദിക്കുന്നതാണ്.

എക്സൈസിൽനിന്നുള്ള നികുതി വരുമാനം

126 (132) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനുവദിച്ച ബാറുകളും മദ്യഷോപ്പുകളും എല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന്റെ എക്സൈസിൽനിന്നുള്ള പ്രതിമാസ ശരാശരി റവന്യൂ വരുമാനം എത്ര കോടിയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly